# sparsh 2017

## എറണാകുളം- അങ്കമാലി അതിരൂപത വേദപഠന വിഭാഗത്തിന്റെ നൂതന സംരംഭം

എറണാകുളം- അങ്കമാലി അതിരൂപതയിൽ വേദപഠനം നടത്തുന്ന പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സിനായി “സ്പർശ്” (Touch of Jesus) എന്ന പേരിൽ ജീവിത ദർശന ക്യാമ്പ് നടത്തുന്നു. **മെയ് 5-ാം തിയതി വെള്ളിയാഴ്ച്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 7-ാം തിയതി ഞായറാഴ്ച്ച ഉച്ചയ്ക്ക് ഒരു മണിക്ക് ക്യാമ്പ് അവസാനിക്കും.**

- യേശുവിന്റെ സ്നേഹാനുഭവത്തിൽ കുട്ടികൾ വളരാനും
- ജീവിതത്തിൽ ക്രിസ്തീയമായ ദിശാബോധം ലഭിക്കാനും
- തങ്ങളുടെ വ്യക്തിത്വ വികാസത്തിനുതകുന്ന ദർശനങ്ങൾ സ്വായത്തമാക്കാനും ഈ ക്യാമ്പ് ലക്ഷ്യം വയ്ക്കുന്നു.

ഒരിടവകയിൽ നിന്നും, പ്ലസ്സ് വൺ ക്ലാസ്സിലെ ലീഡേഴ്സായ ഒരാൺകുട്ടിയേയും ഒരു പെൺകുട്ടിയേയുമാണ് ക്യാമ്പിലേക്ക് അയയ്ക്കേണ്ടത്. ലീഡേഴ്സിന് അസൗകര്യമുണ്ടെങ്കിൽ മാത്രമേ മറ്റു കുട്ടികളെ പരിഗണിക്കാവൂ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. ആലുവ ചുണങ്ങംവേലിയിലുള്ള നിവേദിത എന്ന സ്ഥാപന ത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. ഭക്ഷണം, താമസം തുടങ്ങിയവയ്ക്കുള്ള ആകെ ഫീസ് 500/- രൂപയാണ്. അതിരൂപത വേദപഠനവിഭാഗം 50% ശതമാനം ഫീസ് വഹിക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 30ന് മുൻപ് അതിരൂപത ഓഫീസിൽ 250/- രൂപ ഫീസ് അടച്ച് പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. കുട്ടികളുടെ ഫീസിന്റെ ഒരു വിഹിതം ഇടവകയിൽ നിന്നും എടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

***തിയതി: 2017 മെയ് 5 വെള്ളി 4 pm മുതൽ 7 ഞായർ 1 pm വരെ***
***സ്ഥലം: “നിവേദിത”, ചുണങ്ങംവേലി, ആലുവ.***

***രജിസ്ട്രേഷൻ അവസാന തിയതി: 2017 ഏപ്രിൽ 30***

***കുട്ടികൾ കൊണ്ടുവരേണ്ടത്:*** രണ്ടു ദിവസത്തേക്കാവശ്യമായ വസ്ത്രം,
ടോയിലറ്റ് ആർട്ടിക്കിൾസ് (ടൂത്ത് ബ്രഷ്, പേയ്സ്റ്റ്, സോപ്പ്, ടവ്വൽ...)

നിവേദിതയിലേക്കുള്ള വഴി: ആലുവ KSRTC ബസ് സ്റ്റാൻഡിൽ നിന്നും 20 മിനിറ്റ് ഇടവിട്ട് കീഴ്മാട് സർക്കുലർ ബസ്സ് ഉണ്ട്. നിവേദിത ബസ് സ്റ്റോപ്പിൽ ഇറങ്ങുക. അല്ലെങ്കിൽ ആലുവയിൽ നിന്നോ പെരുമ്പാവൂർ (ആലുവ-പെരുമ്പാവൂർ) നിന്നോ പ്രൈവറ്റ് ബസ്സിൽ വരുന്നവർ രാജഗിരി ആശുപത്രി സ്റ്റോപ്പിൽ (GTN കവല) ഇറങ്ങുക. അവിടെ നിന്നും അരകിലോമീറ്റർ നടന്നാൽ നിവേദിത എത്തും.

# സ്പർശ് 2017

## പ്ലസ് വൺ ലീഡേഴ്സിനുള്ള ജീവിത ദർശൻ ക്യാമ്പ്

| | |
|---|---|
| പേര് | |
| | ☐ ആൺകുട്ടി ☐ പെൺകുട്ടി |
| വീട്ടുപേര് | |
| പിതാവിന്റെ പേര് | |
| മാതാവിന്റെ പേര് | |
| ഇടവക | |
| ഫൊറോന | |
| ഫോൺ : മൊബൈൽ<br>ലാൻഡ് ലൈൻ | |
| ഇ- മെയിൽ | |

എറണാകുളം - അങ്കമാലി അതിരൂപത വേദപഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ 2017 മെയ് 5,6,7 തിയതികളിൽ നിവേദിതയിൽ നടക്കുന്ന ജീവിതദർശൻ ക്യാമ്പിലേക്ക് എന്റെ മകൻ/മകൾ ........................................................................ നെ അയക്കുവാൻ ഞാൻ അനുവാദം നല്കുന്നു.

രക്ഷിതാവിന്റെ പേര് :

ഫോൺ : ഒപ്പ് :

**വികാരിയച്ചന്റെ സാക്ഷ്യപത്രം**

.......................................................................................... (പേര്)

ഈ ഇടവകാംഗവും വേദപഠന വിദ്യാർത്ഥി/നിയുമാണ്.

വികാരി ഒപ്പ് സീൽ